**PROF. C. RAVEENDRANATH**
MINISTER FOR EDUCATION
GOVERNMENT OF KERALA

26.08.2018

# ഒത്തൊരുമയിലൂടെ കേരളത്തെ നമുക്ക് പുനർനിർമ്മിക്കാം

പ്രിയപ്പെട്ട കൂട്ടുകാരെ,

കഠിനമായ മഴയെത്തുടർന്ന് നേരത്തേ ഓണാവധി തുടങ്ങിയിരുന്നല്ലോ. ഓണം കഴിഞ്ഞ് സ്കൂൾ തുറക്കുന്നത് സവിശേഷ സാഹചര്യത്തിലാണ്. നാം ഒരിക്കലും പ്രതീക്ഷിക്കാത്ത തരത്തിൽ പ്രളയം കേരളത്തെയാകെ ഉലച്ചുകളഞ്ഞതിനു ശേഷമാണ് നാം സ്ക്കൂളിലെത്തുന്നത്. നമ്മെ കീഴടക്കാനെത്തിയ പ്രളയത്തെ നാം ഒറ്റക്കെട്ടായി നേരിട്ടു. ജാതിയോ, മതമോ, പദവിയോ നോക്കാതെ എല്ലാവരും ഒരുമയോടെ പ്രവർത്തിച്ചു. ധനികനെന്നോ, ദരിദ്രനെന്നോ ഭേദമില്ലാതെ വീടുവിട്ട് ഇറങ്ങേണ്ടിവന്ന എല്ലാവരും ദുരിതാശ്വാസ ക്യാമ്പിലാണ് കഴിഞ്ഞത്. എന്തൊരു സഹകരണമാണ് എല്ലായിടത്തും കണ്ടത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളും അധ്യാപകരും അനധ്യാപകരും നല്ലതുപോലെ പങ്കാളികളായിട്ടുണ്ട്. അവർ സാമൂഹിക പ്രതിബദ്ധതയുടെ പ്രതീകങ്ങളാണ്. നമ്മുടെ അഭിമാനമാണ്.

ഒത്തൊരുമയുടെ ഓണമായിരുന്നു ഇത്തവണത്തേത്. ദുരിതാശ്വാസ ക്യാമ്പുകളിൽ നാടൊന്നിച്ച് ഓണമുണ്ടു. പ്രളയം വരാത്തിടങ്ങളിൽ ആഘോഷങ്ങളൊന്നുമില്ലാതെ വിഷമമനുഭവിക്കുന്നവരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചായിരുന്നു ഓണത്തെ വരവേറ്റത്.

ദുരിതമനുഭവിക്കുന്നവരെ സ്വന്തം കുടുംബാംഗങ്ങളായാണ് കേരള ജനത കണ്ടത്. നന്മയുടെ പ്രതീകങ്ങളായി നാടാകെ മാറി. ആവശ്യമായ സഹായങ്ങൾ സ്വയമേവ നല്കുകയാണ് എല്ലാവരും. എന്തൊരു സ്നേഹവായ്പാണ് പ്രകടമാകുന്നത്.

ഇത് വലിയ പാഠമാണ്.

മാനവികതയുടെ പാഠം.

മനുഷ്യരൊന്നാണെന്ന പാഠം.

ഓർക്കേണ്ട ഏറ്റവും പ്രധാന കാര്യം നമുക്ക് ജീവിതം തിരിച്ചുകിട്ടി എന്നതാണ്. മറ്റെല്ലാം ഉണ്ടാക്കാനാകും. നഷ്ടപ്പെട്ട പുസ്തകങ്ങൾ സർക്കാർ വേഗം എത്തിക്കും. യൂണിഫോം നഷ്ടപ്പെട്ടവർക്ക് അതും നല്കും. പഠനോപകരണങ്ങൾ നല്കുന്നതിന് സമൂഹം മുന്നോട്ട് വരുന്നുണ്ട്. വീടും സ്കൂളും പഴയപടിക്കാൻ നാട്ടാരും, പൊതുവിദ്യാഭ്യാസ വകുപ്പിലെ മുഴുവൻ ജീവനക്കാരും സർക്കാരും ഒപ്പമുണ്ട്.

മനുഷ്യരുടെ ഏറ്റവും വലിയ കരുത്ത് പ്രതിസന്ധികളെ മറികടക്കുവാനുള്ള കഴിവാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ ഒരുഘട്ടം നാം തരണം ചെയ്തു. നിരാശപ്പെട്ട് പിൻവാങ്ങാൻ കേരള ജനത തയ്യാറല്ല. നിങ്ങളും അപ്രകാരം ചിന്തിക്കുന്നവരാണല്ലോ. പ്രളയം വന്ന ഇടങ്ങളിൽ അല്പം ജാഗ്രതവേണം. ഇഴജീവികൾ ഒഴുകിവന്ന് ജീവരക്ഷയ്ക്കായി പറ്റിയ ഇടങ്ങളിൽ ഇരിപ്പുണ്ടാകും. കുറച്ചു ദിവസം ഇക്കാര്യം നല്ലതുപോലെ ശ്രദ്ധിക്കണം. കിണർ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ശുദ്ധീകരിക്കണം. തിളപ്പിച്ചാറിയ വെള്ളം മാത്രമെ കുടിക്കാവൂ. ജലം പല രീതിയിൽ മലിനമാകാൻ സാധ്യതയുണ്ട്. ശുചിത്വകാര്യം പ്രത്യേകം ശ്രദ്ധിക്കണം. പകർച്ചവ്യാധികൾക്കെതിരായി കരുതിയിരിക്കണം.

ഇന്നത്തെ പ്രതിസന്ധി മറികടക്കാൻ ലോകമാകെ നമ്മെ സഹായിക്കുന്നു. മാനവസ്നേഹത്തിന്റെ നറുമണം എല്ലായിടത്തുമുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പല കാര്യങ്ങൾക്കായി കരുതിയ സമ്പാദ്യമെല്ലാം സംഭാവന ചെയ്ത വിദ്യാർത്ഥികളായ സഹോദരന്മാരും സഹോദരിമാരുമുണ്ട്.

എന്താണ് നമുക്ക് ചെയ്യാൻ കഴിയുക. കളിയും ചിരിയും പാട്ടും കഥയുമൊക്കെയായി എല്ലാവരുടെയും മനസ്സിൽ സന്തോഷം നിറയ്ക്കുക എന്നതാണ് അതിൽ പ്രധാനം. വിഷമഘട്ടത്തിൽ ഒരു പരിധിയിലപ്പുറം പതറാൻ പാടില്ല. പ്രതീക്ഷയാണ് ജീവിതത്തെ മുന്നോട്ട് നയിക്കുന്നത്. ഇത് സ്വയവും സഹപാഠികളെയും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കണം. ഇതുവരെയുള്ളതിൽനിന്ന് പതിന്മടങ്ങ് സ്നേഹത്തോടെ എല്ലാവരുമായി പെരുമാറണം. ആശ്വാസം ആവശ്യമുള്ളവർക്ക് തങ്ങളാലാകുംവിധം നല്കാൻ ശ്രദ്ധിക്കണം. മനക്കരുത്തുള്ള കുട്ടികളാണ് കേരളത്തിലേതെന്ന് ലോകം അറിയണം. എന്തു പ്രയാസമുണ്ടെങ്കിലും കൂട്ടായി സധൈര്യം നാം നേരിടണം. ഇത് ഉറച്ച് സ്വയം തീരുമാനമാകണം.

സ്വന്തം ജീവിതത്തെയും കേരളീയരുടെ ജീവിതത്തെയും ഉയരങ്ങളിലെത്തിക്കാനുള്ള തീവ്രശ്രമമാണ് ഇപ്പോൾ നടക്കേണ്ടത്. സഹപാഠികൾക്ക് താങ്ങും തണലുമായി പ്രവർത്തിച്ചും നന്നായി പഠിച്ചും കേരളത്തിന്റെയും ലോകത്തിന്റെയും അഭിമാനമായി മാറാൻ ഓരോ വിദ്യാർത്ഥിയും പരിശ്രമിക്കുമെന്ന് കരുതുന്നു.

നമ്മളാരും ഒറ്റയ്ക്കല്ല. ഒരുമിച്ച് ചേർന്ന് മുന്നേറാം.

സ്നേഹപൂർവ്വം

സി.രവീന്ദ്രനാഥ്
പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി

Office : 3rd Floor, Annexe-II
Government Secretariat, Thiruvananthapuram-695 001
Phone-Office : 0471-2327574 Fax : 0471-2332133 Res : 0487-2383229
Mobile : 9447973300 Website : www.ravindranath.org E-mail : min.ednoffice@gmail.com